**(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)**

നം.കെ.എസ്.എ-ഐ.ഡി.കെ-10/1033/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി,
തൊടുപുഴ,തീയതി:16.01.2020
ഇ-മെയിൽ : doidk.ksad@kerala.gov.in
ഫോൺ നം. 04862 227332

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കരിമണ്ണൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം:-**കരിമണ്ണൂർ ഗ്രാമപഞ്ചായത്ത്-2018-19** സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്

**********************

1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **കരിമണ്ണൂർ** ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധന ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13,

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക).

വിശ്വസ്തതയോടെ

**ഡെപ്യൂട്ടി ഡയറക്ടർ.**

പകർപ്പ് :
1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഇ-മെയിൽ മുഖേന)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,ഇടുക്കി
3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ഐ.ഡി.കെ-10/1033/2019 തീയതി :16.01.2020

## ഇടുക്കി ജില്ലയിലെ കരിമണ്ണൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം-വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

**********************************

ഇടുക്കി ജില്ലയിലെ **കരിമണ്ണൂർ** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 11.03.2019 മുതൽ 13.10.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. **13** അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ **7** എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| **ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ** | ശ്രീമതി. ബേബി സനൂജ, ഡെപ്യൂട്ടി ഡയറക്ടർ |
| **ഓഡിറ്റിന് വിനിയോഗിച്ച സമയം** | 14.10.2019 മുതൽ 21.10.2019 വരെ |
| **ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ** | ശ്രീമതി. സുസനിയാമ്മ തോമസ്,ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. മേരി ആൻഡ്രൂസ്,ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. മരുൺ മാത്യു,അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ജിബി ഇ.വി,അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. മായാ കൃഷ്ണൻ,ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| **പ്രസിഡന്റ്** | ശ്രീ.ടോജോ പോൾ | 01.04.2018 മുതൽ 31.05.2018വരെ |
| | ശ്രീമതി.ആൻസി സിറിയക് **(വൈസ്-പ്രസിഡന്റ് ഇൻചാർജ്)** | 01.06.2018 മുതൽ 24.06.2018വരെ |
| | ശ്രീ.ദേവസ്യ ദേവസ്യ | 25.06.2018 മുതൽ 31.03.2019വരെ |
| **സെക്രട്ടറി** | ശ്രീ. സാജു ജോസഫ് | 01.04.2018 മുതൽ 24.03.2019 വരെ |
| | ശ്രീമതി.ശ്രീലത ആർ.എസ്. **(അസി.സെക്രട്ടറി-ഇൻചാർജ്)** | 25.03.2019 മുതൽ 31.03.2019 വരെ |
| **നിർവ്വഹണ ഉദ്യോഗസ്ഥർ** | | |
| **അസി. സെക്രട്ടറി** | ശ്രീമതി.ശ്രീലത ആർ. എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| **അസി. എഞ്ചിനീയർ** | ശ്രീ. സുദീപ് എ.എസ്. | 01 04.2018 മുതൽ 10.07.2018 വരെ |
| | ശ്രീമതി.സില്ല മോൾ മാത്യു | 11 07.2018 മുതൽ 31.03.2019വരെ |
| **വെറ്ററിനറി സർജൻ** | ഡോ.നിഷാന്ത് എം. പ്രഭ | 01.04.2018 മുതൽ 27.02.2019 വരെ |
| | ഡോ.നീതു കെ.പി | 28.02.2019മുതൽ 31.03.2019 വരെ |
| **കൃഷി ഓഫീസർ** | ശ്രീമതി.പി.ഐ.റഷീദ | 01.04.2018 മുതൽ 31.03.2019 വരെ |
| **ഐ.സി.ഡി.എസ്, സൂപ്പർവൈസർ** | ശ്രീമതി.അലീന ജോർജ്ജ് | 01.04.2018മുതൽ 25.07.2018 വരെ |
| | ശ്രീമതി.തങ്കമണി കെ.എൻ | 26.07.2018 മുതൽ 31.03.2019 വരെ |
| **മെഡിക്കൽ ഓഫീസർ** | ഡോ.അനുമോൾ കെ.എ. | 01.04.2018 മുതൽ 10.04.2018 വരെ |

| | | |
|---|---|---|
| (ആരോഗ്യം) | ഡോ.ദീപ റോസ് കെ സാം | 11.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ടെലസ് കുര്യൻ | 01.04.2018 മുതൽ 18.07.2018 വരെ |
| | ഡോ.സി.കെ.ഷൈലജ | 19.07.2018മുതൽ 31.03.2019 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.പ്രസാദ് പി. നായർ | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ (കരിമണ്ണൂർ) | ശ്രീമതി.സരിത ഇബ്രാഹിം | 01.04.2018 മുതൽ 03.10..2018 വരെ |
| | ശ്രീമതി.ശാന്തി കൃഷ്ണ.കെ.ആർ | 04.10.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ.(നെയ്യശ്ശേരി) | ശ്രീമതി.സിജി ശങ്കർ | 01.04.2018 മുതൽ 31.03.2019 വരെ |
| ക്ഷീരവികസന ഓഫീസർ | ശ്രീ.സുധീഷ് എം.പി. | 01.04.2018 മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>

| ക്രമ നം. | ഖണ്ഡിക നം. | ഖണ്ഡികകൾ |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം. |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമ പദ്ധതികൾ |
| 8 | 1-8 | ക്യാഷ് പരിശോധന |
| 9 | 1-9 | ആഭ്യന്തര നിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷിക ധനകാര്യ പത്രിക |
| 12 | 1-12 | ലൈസൻസ് എടുക്കാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു |

| | | |
|---|---|---|
| 13 | 1-13 | പെർമ്മിറ്റ് എടുക്കാതെ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിന് റഗുലറൈസേഷൻ ഫീസ് ഈടാക്കിയിട്ടില്ല- |
| 14 | 1-14 | സ്വകാര്യ സ്കൂളുകളുടെ വസ്തു നികുതി ഈടാക്കാത്തത് സംബന്ധിച്ച് |
| 15 | 1-15 | കൃത്യമായ രേഖകളില്ലാതെ I-18 ൽ ഉൾപ്പെടുത്തി ഡിമാന്റ് തുകകൾ ഒഴിവാക്കി |
| 16 | 1-16 | വസ്തു നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ |
| 17 | 1-17 | ആയുർവേദ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ- ₹46876/- യുടെ മരുന്ന് ലഭ്യമായിട്ടില്ല |
| 18 | 1-18 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാനവശേഷിക്കുന്നു |
| 19 | 1-19 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-ജീവനക്കാർക്ക് തനത്ഫണ്ടിൽ നിന്നും നൽകിയ തുക ക്രമീകരിച്ചിട്ടില്ല. |
| 20 | 1-20 | അക്ഷരലക്ഷം പദ്ധതി ധനസഹായം നൽകൽ. |
| 21 | 1-21 | എസ് എസ്. എ വിഹിതം - നൽകൽ വിശദമായ ചെലവ് പത്രിക ലഭിക്കുന്നില്ല |
| 22 | 1-22 | ചാലാശ്ശേരി അംഗൻവാടി നിർമ്മാണം പണി പൂർത്തീകരിച്ചില്ല |
| 23 | 1-23 | വിവിധ കാരണത്താൽ തുക തടസ്സപ്പെടുത്തുന്നു |
| 24 | 1-24 | ആസ്തി രജിസ്റ്ററുകൾ സർക്കാർ സർക്കുലർ അനുസരിച്ച് പരിപാലിയ്ക്കുന്നില്ല |
| 25 | 1-25 | എച്ച്.എം.സി. - വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല |
| 26 | 1-26 | എം.ജി.എൻ.ആർ.ഇ.ജി.എ. ബിൽഡിംഗ് മെറ്റീരിയൽ യൂണിറ്റ് യന്ത്രോപകരണങ്ങൾ - പദ്ധതി നടത്തിപ്പിൽ അപാകത |
| 27 | 1-27 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ - |
| 28 | 1-28 | വെള്ളക്കരം ഒടുക്കാത്തത് സംബന്ധിച്ച് |
| 29 | 1-29 | ലൈഫ് ഭവന പദ്ധതി--അപാകതകൾ |
| 30 | 1-30 | ദുരിതാശ്വാസ നിധി സംബന്ധിച്ച് |
| 31 | 1-31 | ലൈഫ് പദ്ധതി- അവലോകനം |
| 32 | 1-32 | ചെലവഴിക്കാത്ത തുകകൾ |
| 33 | 2-1 | പെർമ്മിറ്റ് എടുക്കാതെ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിന് റഗുലറൈസേഷൻ ഫീസ് ഈടാക്കിയിട്ടില്ല- നഷ്ടം ₹57980/- |
| 34 | 4-1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 35 | 4-2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം |
| 36 | 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 37 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |

| | | |
|---|---|---|
| 38 | 4-5 | വായ്പ/വായ്പ തിരിച്ചടവ് |
| 39 | 4-6 | സ്ഥിര നിക്ഷേപം |
| 40 | 4-7 | ഓഡിറ്റ് റിക്കവറി |
| 41 | 4-8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 42 | 4-9 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം |
| 43 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 44 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 45 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |



# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

20.03.2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 27.06.2019 | | |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 6451917 |
| വരവ് | 72935363 |
| ആകെ | 79387280 |
| ചെലവ് | 62400412 |
| നീക്കിയിരിപ്പ് | 16986868 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 13387753 | 13387753 | 13019414 | 368839 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 2222000 | 2222000 | 1664240 | 557760 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 8064993 | 8064993 | 5410440 | 2654553 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 278000 | 278000 | 278000 | 0 |
| മെയിന്റനൻസ്-റോഡ് (ACR പ്രകാരം) | 0 | 3536000 | 3536000 | 3393298 | 142702 |
| മെയിന്റനൻസ്-നോൺറോഡ് (ACR പ്രകാരം) | 0 | 2780000 | 2780000 | 2668007 | 111993 |
| ലൈബ്രറി ഗ്രാന്റ് | 0 | 23280 | 23280 | 23280 | 0 |

| | | | | | | |
|---|---|---|---|---|---|---|
| സാക്ഷരത | | 751 | 75152 | 75903 | 75903 | 0 |
| പ്രളയ ദുരിതാശ്വാസ ഗ്രാന്റ് | | 0 | 75000 | 75000 | 75000 | 0 |
| എം.ജി. എൻ.ആർ. ഇ.ജി.എസ് | **തൊഴിലാളികളുടെ കൂലി** | 0 | 12783425 | 12783425 | 12783425 | 0 |
| | **അഡ്മിനിസ്ട്രേറ്റീവ് ചെലവ്** | 7382 | 1665348 | 1672730 | 1658428 | 14302 |
| **കേന്ദ്രാവിഷ്കൃത ഫണ്ട്** | | | | | | |
| ഐ.സി.ഡി.എസ് | | 1196366 | 819902 | 2016268 | 514796 | 1501472 |
| സോളിഡ് വേസ്റ്റ് മാനേജ്മെന്റ് | | 1200000 | 1200000 | 2400000 | 2400000 | 0 |
| **സംസ്ഥാനാവിഷ്കൃത ഫണ്ട്** | | | | | | |
| എം.എൽ.എ. ഫണ്ട് | | 599980 | 499339 | 1099319 | 1099319 | 0 |
| **ലൈഫ്** –കെ.യു. ആർ.ഡി. എഫ്. സി വിഹിതം | | 0 | 9750190 | 9750190 | 9734899 | 15291 |
| **ബ്ലോക്ക് വിഹിതം** | | 1545811 | 1896958 | 3442769 | 807136 | 2635633 |
| **ജില്ലാപഞ്ചായത്ത് വിഹിതം** | | 0 | 2004617 | 2004617 | 2004617 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 7659610 | 7659610 | 7659610 | 0 |
| കേരളോത്സവം | | 0 | 20000 | 20000 | 0 | 20000 |
| ബി-ഫണ്ട് | | 0 | 214696 | 214696 | 214696 | 0 |
| കൃഷി വകുപ്പിൽ നിന്നുള്ള ധനസഹായം | | 0 | 488903 | 488903 | 0 | 488903 |

| | | | | | |
|---|---|---|---|---|---|
| ടോട്ടൽ സാനിട്ടേഷൻ | 270000 | 647904 | 917904 | 577845 | 1495749 |
| എസ്.ബി. പ്ലാൻ | 320535 | 268092 | 588627 | 255263 | 333364 |
| എസ്.ബി.റ്റി. ലൈഫ് | 874472 | 1390653 | 2265125 | 840144 | 1424981 |
| തനത് ഫണ്ട് | 4855158 | 14769261 | 19624419 | 13831898 | 5792521 |
| ട്രഷറി റ്റി.എസ്.ബി. | 264790 | 23324824 | 23589614 | 14909213 | 8680401 |

ടോട്ടൽ സാനിട്ടേഷൻ ഇനത്തിൽ ബി-4 ഷെഡ്യൂൾ പ്രകാരം ബാലൻസ് ₹1495749/- ആണ്. എന്നാൽ ശുചിത്വമിഷൻ എസ്.ബി.ഐ. അക്കൗണ്ട് പ്രകാരമുള്ള ബാലൻസ് ₹647280/-യാണ്. പ്രസ്തുത തുക പാസ്ബുക്കിലെ തുക 1-4ൽ ചേർക്കുന്നു.

### 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 135 | 73850226 | 106 | 46385380 | - | 29 | 78.51 |

| നിർവഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയവ എണ്ണം | ചെലവ് | ശതമാനം |
|---|---|---|---|---|
| 1.സെക്രട്ടറി | 35 | 29 | 8207136 | |
| 2.അസി.എൻജിനിയർ | 61 | 41 | 11005575 | |
| 3.വെറ്ററിനറി സർജൻ | 3 | 3 | 1911999 | |
| 4.കൃഷി ഓഫീസർ | 5 | 5 | 1895689 | |
| 5. വി ഇ ഒ | 9 | 6 | 15803872 | |
| 6. ഐ സി ഡി എസ്.സൂപ്പർവൈസർ | 4 | 4 | 2340830 | |

| | | | | |
|---|---|---|---|---|
| 7. മെഡിക്കൽ ഓഫീസർ(ആരോഗ്യം) | 4 | 4 | 1089800 | |
| 8. മെഡിക്കൽ ഓഫീസർ(ആയുർവേദം) | 2 | 2 | 550000 | |
| 9.അസി.സെക്രട്ടറി | 7 | 7 | 1182479 | |
| 10. ഹെഡ് മാസ്റ്റർ | 4 | 4 | 398000 | |
| 11.ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 2000000 | |
| **ആകെ** | **135** | **106** | **46385380** | |

## 1-6 തൊഴിലുറപ്പ് പദ്ധതി

| | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| എം.ജി.എൻ.ആർ. ഇ.ജി.എസ് | **തൊഴിലാളികളുടെ കൂലി** | 0 | 12783425 | 12783425 | 12783425 | 0 |
| | **അഡ്മിനിസ്ട്രേറ്റീവ് ചെലവ്** | 7382 | 1665348 | 1672730 | 1658428 | 14302 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 43780 | 21 |
| കർഷകതൊഴിലാളി പെൻഷൻ | 4558300 | 341 |
| വിധവാപെൻഷൻ | 5416100 | 440 |
| വാർദ്ധക്യകാലപെൻഷൻ | 15364600 | 1227 |
| വികലാംഗപെൻഷൻ | 2319800 | 185 |
| അവിവാഹിത പെൻഷൻ | 325100 | 29 |
| വിധവകളുടെ മക്കൾക്കുള്ള ധനസഹായം | 60000 | 2 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15.10.2019-ന് സ്ഥാപന മേധാവിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹42643/-യുടെ ക്യാഷ് ബാലൻസ് കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ അക്കൗണ്ടിംഗ് സിസ്റ്റം-അപാകതകളോടുകൂടിയതാണ്. വിശദാംശങ്ങൾ ഖണ്ഡിക 1-11 ൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തുന്നുണ്ട്. സ്ഥലംമാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. വസ്തു നികുതി പിരിവ് മോണിട്ടറിംഗ് നടത്തുന്നില്ല. പൊതുമരാമത്ത് പ്രവർത്തികളുടെ കരാർ ഉടമ്പടി, ക്യാഷ്ബുക്ക്, ആസ്തിരജിസ്റ്റർ എന്നിവ കാലികമാക്കി പരിപാലിക്കുന്നില്ല. ഫയലുകൾ കുറിപ്പ് സഹിതം സെക്ഷനുകളുടെ സീൽ പതിച്ച് ഒപ്പ് വെച്ച് പരിപാലിക്കുകയോ തൻപതിവേട് യഥാവിധി പരിപാലിക്കുകയോ ചെയ്യുന്നില്ല. വിവിധ സ്റ്റാൻഡിംഗ് കമ്മറ്റികൾ ചർച്ച ചെയ്യുന്ന വിഷയങ്ങൾ അജൻഡയിൽ ഉൾപ്പെടുത്തുന്നില്ല. പ്രോജക്ടുകൾ അവലോകനം നടത്തുന്നില്ല. പൊതുടാപ്പുകളുടെയും തെരുവ് വിളക്കുകളുടെയും സംയുക്ത പരിശോധന നടത്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

സ്റ്റാൻഡിംഗ് കമ്മിറ്റികൾ ചേരുമ്പോൾ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ച് പ്രോജക്ടുകളുടെ പുരോഗതി വിലയിരുത്തേണ്ടതാണ്.ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ വസ്തുനികുതി പിരിവ്, ഓഡിറ്റ് ഒബ്ജക്ഷൻ ഒഴിവാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ, ഫ്രണ്ട് ഓഫീസ് പ്രവർത്തനങ്ങൾ എന്നിവയെക്കുറിച്ച് ചർച്ച ചെയ്യുന്നില്ല. വാർഷിക പദ്ധതിയുടെ നിർവ്വഹണ ഘട്ടത്തിൽ കാര്യക്ഷമമായ മോണിട്ടറിംഗ് നടപ്പിലാക്കുന്നില്ല.

പഞ്ചായത്തിൽ 13 വിവിധ വർക്കിംഗ് ഗ്രൂപ്പുകൾക്ക് രൂപം നല്കിയിട്ടുണ്ടെങ്കിലും അവയൊന്നും തന്നെ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ഓഡിറ്റ് വർഷത്തിൽ ഓരോ യോഗങ്ങൾ മാത്രമാണ് ചേർന്നിട്ടുള്ളത്. പ്രസ്തുത യോഗത്തിന്റെ ഹാജർ രേഖപ്പെടുത്തിയതല്ലാതെ മിനിട്സ് ബുക്കിൽ മറ്റ് രേഖപ്പെടുത്തലുകളില്ല. വർക്കിംഗ് ഗ്രൂപ്പുകളുടെ ഫലപ്രദവും കാര്യക്ഷമവുമായ പ്രവർത്തനം പദ്ധതി നിർവ്വഹണത്തിന് അത്യന്താപേക്ഷിതമായതിനാൽ ഭരണസമിതി ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്.

**വൗച്ചറുകളുടെ സൂക്ഷിപ്പ്**

തനതുഫണ്ട് ചെലവ് വൗച്ചറുകൾ പൂർണ്ണമായി ബൈൻഡ് ചെയ്ത് സൂക്ഷിച്ചിട്ടില്ല. ചെലവുകളുടെ ബില്ലുകളും അനുബന്ധ രേഖകളും വൗച്ചറുകൾക്കൊപ്പം സൂക്ഷിച്ചിട്ടില്ല. ഓരോ മാസത്തേയും ചെലവ് വൗച്ചറുകൾ തീയതി ക്രമത്തിൽ ഉപോൽബലകമായ രേഖകൾ സഹിതം അടുക്കി ബൈൻഡ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

**ഡെപ്പോസിറ്റ് രജിസ്റ്റർ**

ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ഡെപ്പോസിറ്റുകൾ തിരികെ നല്കിയതിന്റെ വിശദാംശങ്ങൾ ചേർത്ത് രജിസ്റ്ററിൽ ക്ലോസ്സ് ചെയ്യേണ്ടതും ബാക്കിയുള്ളവ ആകെ തുക കൂട്ടിയെഴുതി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.09.2019 മുതൽ 25.09.2019വരെ | മേയ് 2019 മുതൽ ഓഗസ്റ്റ് 2019 വരെ | 25.09.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 18.09.2006 മുതൽ 30.09.2006 വരെ | 1997-98 മുതൽ 2005-06 വരെ | 22.11.2006 |

### 1-11 വാർഷിക ധനകാര്യ പത്രിക

1) വസ്തുനികുതി, വാർഷിക കണക്കിലെ തുകകൾ, സഞ്ചയ പ്രകാരമുള്ള തുകകൾ ഇവയുമായി പൊരുത്തപ്പെടുന്നില്ല.

2) ജീവനക്കാരുടെ തൊഴിൽ നികുതി രജിസ്റ്റർ പ്രകാരമുള്ള ഡിമാന്റ് വരവ് ബാലൻസ് തുകകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

3) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4) എൻ.ആർ.ഇ.ജി.എ-രജിസ്റ്റർ പ്രകാരമുള്ള തുകകളും വാർഷിക കണക്കിലെ തുകകളും പൊരുത്തപ്പെടുന്നില്ല.

5) ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി ഇനത്തിൽ വന്ന ബ്ലോക്ക് വിഹിതം 100000/- RP31ൽ ചേർത്തിട്ടില്ല. പ്രസ്തുത തുക വർഷാവസാനം ചെലവഴിക്കുവാൻ ബാക്കി നിൽക്കുന്നു. പ്രസ്തുത നീക്കിയിരിപ്പ് ബി4 ഷെഡ്യൂളിൽ ചേർത്തിട്ടില്ല.

6) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ആസ്തികൾക്ക് ഡിപ്രിസിയേഷൻ കണക്കാക്കിയിട്ടുണ്ടെങ്കിലും ആയതിന്റെ വർക്ക് ഷീറ്റ് തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

7) ടോട്ടൽ സാനിട്ടേഷൻ ഇനത്തിൽ B4 ഷെഡ്യൂൾ പ്രകാരം 1495749 ബാലൻസുണ്ട്. എന്നാൽ ടോട്ടൽ സാനിട്ടേഷൻ ബാങ്ക് അക്കൗണ്ട് പ്രകാരം 647280/-രൂപയാണ് ബാലൻസ് ഉള്ളത്.

### 1-12 ഡി & ഒ ലൈസൻസ് എടുക്കാതെ വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നു

1996-ലെ കേരള പഞ്ചായത്ത് രാജ്(ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ചട്ടങ്ങൾ) അനുസരിച്ച് ലൈസൻസ് നൽകിയത് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ സൂചിപ്പിയ്ക്കുന്നു.

1. പഞ്ചായത്തിൽ സഞ്ചയ പ്രകാരം വാണിജ്യ കെട്ടിടങ്ങൾക്കുള്ള വസ്തു നികുതി അടവാക്കുന്ന 766 കെട്ടിടങ്ങളാണുള്ളത്. ഇവയിൽ തന്നെ ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരമുള്ള 336 സ്ഥാപനങ്ങളിൽ 225 എണ്ണം മാത്രമാണ് 2018-19ൽ ലൈസൻസ് എടുത്തിട്ടുള്ളത്. പഞ്ചായത്തിലെ വ്യാപാര സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്ന പ്രധാന

വാർഡുകളിലെ വാണിജ്യ കെട്ടിടങ്ങളുടെ വിവരം താഴെ സൂചിപ്പിക്കുന്നു.

| വാർഡ് | വാണിജ്യ കെട്ടിടങ്ങൾ | ലൈസൻസ് എടുത്തത് |
|---|---|---|
| XI | 415 | 142 |
| VI | 148 | 54 |

വാർഡുകൾ തോറും ഫീൽഡ് തല പരിശോധന നടത്തി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി വാണിജ്യ സ്ഥാപനങ്ങൾ എല്ലാം ലൈസൻസ് എടുത്താണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, അബ്കാരി ഷാപ്പുകൾ എന്നിവയും ലൈസൻസ് എടുക്കുന്നില്ല. ടി സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി ഡി &ഓ ലൈസൻസ് എടുപ്പിക്കേണ്ടതാണ്.

3. അന്യ സംസ്ഥാനത്തൊഴിലാളികൾ കൂട്ടമായി താമസിക്കുന്ന ലോഡ്ജിങ് ഹൗസുകൾ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഉണ്ട്. എന്നാൽ ഇവയൊന്നും തന്നെ ലോഡ്ജിങ് ഹൗസ് ലൈസൻസ് എടുത്തല്ല പ്രവർത്തിക്കുന്നത്. അടിസ്ഥാന സൗകര്യങ്ങൾ, മലിനീകരണ നിയന്ത്രണ സംവിധാനം എന്നിവ ഒരുക്കി, ലൈസൻസ് എടുത്തതിനു ശേഷമാണ് ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് എന്ന് പഞ്ചായത്ത് അധികാരികൾ ഉറപ്പ് വരുത്തേണ്ടതാണ്. ഇതര സംസ്ഥാന തൊഴിലാളികൾ കൂട്ടമായി താമസിക്കുന്ന സ്ഥലങ്ങളിൽ രോഗങ്ങളും മറ്റ് വിവിധ പ്രശ്നങ്ങളും വർദ്ധിച്ച് വരുന്ന സാഹചര്യങ്ങളിൽ ഇക്കാര്യത്തിലെ ഉദാസീന മനോഭാവം അധികാരികൾ ഉപേക്ഷിക്കേണ്ടതാണ്. ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് ലോഡ്ജിങ് ഫീസ് ഈടാക്കേണ്ടതും സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതുമാണ്. ഈ സ്ഥാപനങ്ങളിൽ നിന്ന് ലോഡ്ജിങ്/വാണിജ്യ അടിസ്ഥാനത്തിലുള്ള വസ്തു നികുതി ഈടാക്കുന്നുവെന്നും ഉറപ്പാക്കേണ്ടതാണ്. ടി വിഷയത്തിന്മേൽ സ്വീകരിക്കുന്ന തുടർ നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

4.ജി.ഒ.(പി)നം.80/2017/LSGD തീയതി.31.10.2017 പ്രകാരം വിറ്റ് വരവ്/മൂലധന നിക്ഷേപം അടിസ്ഥാനമാക്കി ₹500 മുതൽ₹15,000 വരെയാണ് ലൈസൻസ് ഫീസിനത്തിൽ ഈടാക്കാവുന്നത്. എന്നാൽ വിറ്റ് വരവ്/മൂലധന നിക്ഷേപം കുറഞ്ഞ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കുന്നത് പോലെ തന്നെ കുറഞ്ഞ ലൈസൻസ് ഫീസാണ് കൂടുതൽ വരുമാനമുള്ള സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയിരിക്കുന്നത്. കൃത്യമായ അന്വേഷണത്തിലൂടെ വരുമാനം ഉറപ്പു വരുത്തി അതനുസരിച്ച് ലൈസൻസ് ഫീസ് ഈടാക്കി മേൽ അപാകത ഒഴിവാക്കേണ്ടതാണ്.

### 1-13 പെർമിറ്റ് എടുക്കാതെ റഗുലറൈസ് ചെയതു നൽകി- ഫീസ് ഈടാക്കാത്തതിനാൽ -നഷ്ടം ₹57980/-

മദർ സുപ്പീരിയർ നിർമ്മല ഭവൻ, ഇടുക്കി എന്നയാളുടെ പേരിൽ വിദ്യാഭ്യാസാവശ്യത്തിനായി നിർമ്മിച്ച കെട്ടിടം (കെട്ടിട നം.VI/94A) പെർമിറ്റ് എടുക്കാതെ റഗുലറൈസ് ചെയ്തു നൽകിയപ്പോൾ റഗുലറൈസേഷൻ ഫീസ് ഈടാക്കിയിട്ടില്ല.

തസ്വഭവ സെക്രട്ടറിയുടെ (ആർ.ഡി) 229813/ആർ.ഡി2/15 തസ്വഭവ നമ്പർ കത്തിൽ പ്രതിപാദിച്ചതിൻ പ്രകാരം 11.11.2015-ൽ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് സർക്കാർ നൽകിയ സ്പഷ്ടീകരണമനുസരിച്ച് പെർമിറ്റ്

എടുക്കാതെ പൂർണ്ണമായും റഗുലറൈസ് ചെയ്യുന്ന കെട്ടിടങ്ങൾക്ക് പെർമിറ്റ് ഫീസും രാജിയാക്കൽ ഫീസും (പെർമിറ്റ് ഫീസിന്റെ ഇരട്ടി) ഈടാക്കേണ്ടതാണ്. എന്നാൽ മേൽ സൂചിത കെട്ടിടം റഗുലറൈസ് ചെയ്യപ്പോൾ വാങ്ങേണ്ടിയിരുന്ന പെർമിറ്റ് ഫീസ്+റഗുലറൈസേഷൻ ഫീസ് (3865.33x5)x3=₹57980/-) ഈടാക്കിയിട്ടില്ല. നഷ്ടതുകയായ ₹57980/- കെട്ടിട ഉടമസ്ഥനിൽ നിന്ന് ഈടാക്കാത്ത പക്ഷം നഷ്ടത്തിന് ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈടാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

### 1-14 സ്വകാര്യ സ്കൂളുകളുടെ വസ്തുനികുതി ഈടാക്കാത്തത് സംബന്ധിച്ച്

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 207 ബി(ബി.എ.) പ്രകാരം സർക്കാരിന്റെ അംഗീകാരമുള്ളതും സർക്കാർ ഉടമസ്ഥതയിലുള്ളതുമായ ഹയർ സെക്കന്ററി തലം വരെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിദ്യാഭ്യാസാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങളെ ആണ് വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്. ഇത് സംബന്ധിച്ച് കിലയ്ക്ക് ലഭിച്ച സർക്കാർ കത്ത് നമ്പർ2274/ആർ.സി.2/2014 തസ്വഭവ 16-07-14 പ്രകാരം ഇക്കാര്യത്തിൽ ഇതേ സ്പഷ്ടീകരണവും ഉണ്ട്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിയ്ക്കുന്ന താഴെ സൂചിപ്പിയ്ക്കുന്ന സ്വകാര്യ സ്കൂളുകളുടെ വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് **അന്വേഷണക്കുറിപ്പ് നം. 8** നൽകിയിരുന്നു.

| ക്രമ നം. | സ്കൂൾ |
|---|---|
| 1 | നിർമ്മല പബ്ലിക് സ്കൂൾ, കരിമണ്ണൂർ |
| 2 | വിന്നേഴ്സ് പബ്ലിക് സ്കൂൾ, കരിമണ്ണൂർ |
| 3 | ദാറുൽ ഫത്തേഹ് പബ്ലിക് സ്കൂൾ |

ഈ സ്കൂളുകളുടെ വസ്തു നികുതി അടിയന്തിരമായി നിർണ്ണയിച്ച് ഈടാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

### 1-15 കൃത്യമായ രേഖകളില്ലാതെ ഡിമാന്റ് തുകകൾ ഒഴിവാക്കി

കൃത്യമായ രേഖകളില്ലാതെ വാർഷിക കണക്കിലെ I-18 ൽ ഉൾപ്പെടുത്തി താഴെ സൂചിപ്പിയ്ക്കുന്ന ഡിമാന്റ് തുകകൾ ഒഴിവാക്കിയതായി കാണുന്നു.

| ക്രമ നം. | ഹെഡ് കോഡ് | ഇനം | തുക ₹ |
|---|---|---|---|
| 1 | 280100102 | തൊഴിൽ നികുതി | 14820/- |
| 2 | 280100104 | വസ്തു നികുതി(പാർപ്പിടേതരം) | 459227/- |

| | | | |
|---|---|---|---|
| 3 | 280200101 | കെട്ടിട വാടക | 2352/- |
| 4 | 280200201 | ലൈസൻസ് ഫീസ് | 8945/- |

പ്രസ്തുത തുകകൾ ഒഴിവാക്കിയതിനുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് **എൻക്വയറി** 7ന് മറുപടിയായി 2017-18 വാർഷിക ധനകാര്യപത്രികയിൽ ബി15 സൺട്രി ഡെബ്റ്റേഴ്സ് (റിസീവബിൾ) ഷെഡ്യൂൾ പ്രകാരം തെറ്റായി രേഖപ്പെടുത്തിയിരുന്ന തുകകളുമായി യഥാർത്ഥ വരവുകൾക്ക് വന്ന വ്യത്യാസമാണ് 2018-19 ൽ പ്രയർ പിരീഡ് ഇൻകം ഹെഡിലേയ്ക്ക് മാറ്റിയതെന്ന് മറുപടി ലഭ്യമാക്കി.

2011- ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 3 (6) പ്രകാരം, ആക്ടിലെ 207-ാം വകുപ്പ് അനുസരിച്ച് വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളെ സംബന്ധിച്ച് അടിസ്ഥാന വിവരങ്ങളും അവ നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടതിനുള്ള കാരണങ്ങളും സെക്രട്ടറി ഒരു പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ച് പോരേണ്ടതാണ്.

സ ഉ (എം എസ്) നം. 144/15/ ത സ്വ ഭ വ തിയ്യതി 27/04/2015 പ്രകാരം, 2015-16 മുതൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയ 660 സ്ക്വയർ ഫീറ്റ് വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങൾ സംബന്ധിച്ച വിശദാംശങ്ങളും മേൽ ചട്ടങ്ങൾ 3 (6) പ്രകാരം സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. എന്നാൽ ഇതിനു പകരം പ്രയർ പിരീഡ് ഗണത്തിൽ പെടുത്തി നികുതി ഒഴിവാക്കിയിട്ടുള്ളത് ശരിയായ നടപടിക്രമം അല്ല.

വാർഷിക കണക്ക് തയ്യാറാക്കുമ്പോൾ ഉണ്ടാകുന്ന ഇത്തരം അപാകതകൾ ഭാവിയിൽ ആവർത്തിയ്ക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിയ്ക്കേണ്ടതാണ്.

## 1-16 വസ്തു നികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1. വസ്തു നികുതി സഞ്ചയയിലെയും സാംഖ്യയിലെയും കണക്കുകളിൽ താഴെ സൂചിപ്പിയ്ക്കുന്ന പ്രകാരം വ്യത്യാസം ഉണ്ട്.

| വസ്തു നികുതി | സാംഖ്യ | | | സഞ്ചയ | | |
|---|---|---|---|---|---|---|
| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
| പാർപ്പിടാവശ്യം(തൻവർഷം) | 2567527 | 2243039 | 416,495 | 2563331 | 2113277 | 390218 |
| പാർപ്പിടാവശ്യം(കുടിശ്ശിക) | | 531824 | 270929 | 761552 | 538033 | 230173 |
| പാർപ്പിടേതരാവശ്യം (തൻവർഷം) | 1295119 | 1030513 | 102723 | 1291426 | 1176086 | 95969 |

| | | | | | | |
|---|---|---|---|---|---|---|
| പാർപ്പിടേതരാവശ്യം (കുടിശ്ശിക) | | 125536 | 301145 | 417532 | 137045 | 280918 |

സാംഖ്യ-സഞ്ചയ കണക്കുകളിൽ വ്യത്യാസം വന്നതിന് വിശദീകരണം നൽകേണ്ടതാണ്.

**2.മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയിട്ടില്ല**

പഞ്ചായത്ത് പരിധിയിൽ സ്ഥിതി ചെയ്യുന്ന താഴെ സൂചിപ്പിക്കുന്ന മൊബൈൽ ടവറുകളുടെ വസ്തു നികുതി 2013-14 മുതൽ ഈടാക്കാനവശേഷിക്കുന്നു. തുക ഒടുക്കാത്തതിന് ടി സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ക്രമ നം. | മൊബൈൽ ടവർ അഡ്രസ്സ്/ വാർഡ് | കുടിശ്ശിക വർഷം തിരിച്ച് | | ആകെ ₹ |
|---|---|---|---|---|
| 1 | 3/222, റിലയൻസ് | 2013-14<br>2014-15<br>2015-16<br>2016-17<br>2017-18<br>2018-19 | 20578<br>20578<br>20578<br>20578<br>20578<br>20578 | 123468/- |
| 2 | 6/272,റിലയൻസ് | 2013-14<br>2014-15<br>2015-16<br>2016-17<br>2017-18<br>2018-19 | 26933<br>26933<br>26933<br>26933<br>26933<br>26933 | 161598/- |

കുടിശ്ശിക വസ്തു നികുതി ഈടാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്. ഭരണസമിതി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 വിവിധ ആശുപത്രികളിലേയ്ക്ക് മരുന്ന് വാങ്ങൽ- ₹146876/-യുടെ മരുന്ന് ലഭ്യമായിട്ടില്ല

വിവിധ ആശുപത്രിയിൽ മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം തുക അടവാക്കിയെങ്കിലും മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദാംശം താഴെ സൂചിപ്പിക്കുന്നു.

| പ്രൊജക്ട് നമ്പർ/ പദ്ധതിയുടെ പേര്/നിർവ്വഹണ ഉദ്യോഗസ്ഥൻ | അടങ്കൽ തുക | ബിൽ നമ്പർ/ | ലഭ്യമായ മരുന്ന് | അവശേഷി |
|---|---|---|---|---|

| | | തീയതി/ തുക | | ക്കുന്നത് |
|---|---|---|---|---|
| 26/18-19<br>ആയുർവേദ ആശുപത്രിയ്ക്ക്<br>മരുന്ന് വാങ്ങൽ.<br>മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ₹400,000/- | 2/2018-19/ 22.01.2019<br>₹400,000 | 353124 | 46876 |
| 06/18-19<br>ഹോമിയോ ആശുപത്രിയ്ക്ക്<br>മരുന്ന് വാങ്ങൽ.<br>സെക്രട്ടറി | ₹100000 | 33/18-19/ 24.01.2019<br>₹100000 | 0 | ₹100000 |

അവശേഷിക്കുന്ന തുകയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

### 1-18 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാനവശേഷിക്കുന്നു

2018-19 ൽ പഞ്ചായത്ത് പ്രദേശത്ത് ജോലി ചെയ്യുന്ന താഴെ സൂചിപ്പിയ്ക്കുന്ന ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാനവശേഷിക്കുന്നു.

| ക്രമ നം. | ജോലി ചെയ്യുന്ന സ്ഥാപനം | ഈടാക്കാനവശേഷിക്കുന്ന തൊഴിൽ നികുതി ₹ |
|---|---|---|
| 1 | സുനിൽകുമാർ വി. ത്രിവേണി സൂപ്പർ മാർക്കറ്റ് | 720(ഒന്നും രണ്ടും അർദ്ധ വർഷം) |
| 2 | പോസ്റ്റ് ഓഫീസ്, പന്നൂർ | 1200(ഒന്നും രണ്ടും അർദ്ധ വർഷം)<br>തൊഴിൽനികുതി രജിസ്റ്റർ പ്രകാരം |
| 3 | പോസ്റ്റ് ഓഫീസ്, തൊമ്മൻകുത്ത്<br>1.സിദ്ധയോഗ പ്രസാദ്<br>2. വർഗ്ഗീസ് കെ.എ. | 600(രണ്ടാം അർദ്ധ വർഷം)<br>750 |
| | ആകെ | 3270/- |

ഈടാക്കുവാൻ അവശേഷിക്കുന്ന തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്.

### 1-19 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-ജീവനക്കാർക്ക് തനത് ഫണ്ടിൽ നിന്നും നൽകിയ തുക ക്രമീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് ഫണ്ടിന്റെ അപര്യാപ്തതമൂലം ശമ്പളം നൽകുവാൻ സാധിക്കാത്ത സാഹചര്യങ്ങളിൽ ഗ്രാമപഞ്ചായത്തുകളുടെ ലഭ്യമായ തനത്/ജനറൽ പർപ്പസ് ഫണ്ടിൽ നിന്ന് തുക ചെലവഴിക്കുന്നതിനും കേന്ദ്ര ഫണ്ട് ലഭിക്കുന്ന മുറയ്ക്ക് അക്കൗണ്ടിലേക്ക് തുക ക്രമീകരിക്കുന്നതിനും തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 01.02.2016 ലെ സർക്കാർ ഉത്തരവ് (സാധാ.) 409/16 പ്രകാരം അനുമതി നൽകിയിട്ടുള്ളത്. എന്നാൽ ഈയിനത്തിൽ മുൻകൂർ ആയി തൊഴിലുറപ്പ് പദ്ധതി വിഭാഗത്തിന് നൽകിയ ₹515142/- നാളിതുവരെ ക്രമീകരിച്ചിട്ടില്ല. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുക പഞ്ചായത്ത് ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

### 1-20 അക്ഷരലക്ഷം പദ്ധതി ധനസഹായം നൽകൽ.

| | | |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | : | സെക്രട്ടറി |
| ബിൽ നം. | : | 46/18-19 |
| തിയതി | : | 08.03.2019 |
| തുക | : | 16650/- |
| പ്രൊജക്ട്നം | : | 42/18-19 |

അക്ഷരലക്ഷം എന്ന പദ്ധതിയിൽ ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള 9 പഠിതാക്കളുടെ വിഹിതമായി ₹16650/-സാക്ഷരതാമിഷൻ ജില്ലാ പ്രോഗ്രാം ഓഫീസർക്ക് നൽകിയിട്ടുണ്ട്. എന്നാൽ പഠിതാക്കൾ തുല്യതാപരീക്ഷയ്ക്ക് പേര് രജിസ്റ്റർ ചെയ്തതായോ പഠിതാക്കൾ തുല്യതാപരീക്ഷ വിജയിച്ചതായോ പ്രോഗ്രാം ഓഫീസർ അറിയിച്ചിട്ടില്ല. ആവശ്യമായ രേഖകളും വിശദീകരണവും ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവഴിച്ച തുക ₹16650/- തടസ്സപ്പെടുത്തുന്നു.

### 1-21 എസ്.എസ്.എ.വിഹിതം നൽകൽ- വിശദമായ ചെലവ് പത്രിക ലഭിക്കുന്നില്ല

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം. | 02/19 |
| ബിൽ നം./തീയതി/തുക | 5/18-19/14.06.2018,₹500000 |

എസ്.എസ്.എ. വിഹിതം നല്കുന്നതിനായി തൻവർഷം ₹500000/- ഗ്രാമപഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. വിഹിതമായി

നൽകിയ ₹500000/- വിനിയോഗിച്ച എന്ന സാക്ഷ്യപത്രം ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തൻവർഷം ആകെ ചെലവാകുന്ന തുകയായ ₹1543742/-ന്റെ ആനുപാതിക വിഹിതമാണ് ഗ്രാമപഞ്ചായത്ത് നൽകിയിരിക്കുന്നത്. എന്നാൽ ₹500000/-ന്റെ മാത്രം വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതിനാൽ യഥാർത്ഥത്തിൽ തൻവർഷം തുക ആവശ്യപ്പെട്ടുകൊണ്ടുള്ള കത്തിൽ പറഞ്ഞിരുന്ന എല്ലാ ഇനങ്ങൾക്കും തുക വിനിയോഗിച്ചിട്ടുണ്ടോ എന്നും അയതിന്റെ ആനുപാതികമായിത്തന്നെയാണോ പഞ്ചായത്തിൽ നിന്നും നൽകിയ തുകയുടെ വിനിയോഗം എന്നും വ്യക്തമല്ല. നൽകുന്ന തുകകൾ യഥാവിധി ചെലവഴിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. ആയതിനാൽ ഡിമാന്റ് നോട്ടീസിൽ ആവശ്യപ്പെട്ടരീതിയിലും അനുപാതത്തിലും തുക ചെലവഴിച്ച എന്നതിനുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. പ്രസ്തുത ₹500000/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-22 ചാലാശ്ശേരി അംഗൻവാടി നിർമ്മാണം പണി പൂർത്തീകരിച്ചില്ല

പ്രോജക്ട് നം.135/19

നിർവ്വഹണം - സെക്രട്ടറി

| വൗച്ചർ നമ്പർ | തിയതി | തുക ₹ |
|---|---|---|
| 21800624 | 17.10.2018 | 580000 |
| | ആകെ | 580000 |

ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തിൽ ചാലാശ്ശേരി അംഗൻവാടി നിർമ്മാണത്തിനായി ബ്ലോക്ക് വിഹിതമായി ₹100000/-യും പഞ്ചായത്ത് വിഹിതമായി ₹480000/- വകയിരുത്തിയിട്ടുള്ളതാണ്. 22.10.2018ൽ ₹580000/-കരിമണ്ണൂർ സബ് ട്രഷറി മുഖേന പൈനാവ് പി.ഡബ്ല്യു.ഡി ബിൽഡിംഗ് ഡിവിഷനിലേക്ക് നൽകിയിട്ടുള്ളതാണ്. എന്നാൽ നാളിതുവരെയും പണി ആരംഭിച്ചിട്ടില്ല. ആയതിനാൽ ₹580000/-തടസ്സപ്പെടുത്തുന്നു.

## 1-23 വിവിധ കാരണത്താൽ തുക തടസ്സപ്പെടുത്തുന്നു

| പ്രോജക്ട് | ബിൽനമ്പർ/ ചെക്ക് നമ്പർ/ തിയതി | തുക ₹ | തടസ്സകാരണം | റിമാർക്സ് |
|---|---|---|---|---|
| റോഡ് കണക്ടിവിറ്റി മാപ്പ്, പ്രോജക്ട് നം.128/18 | 150491/ 06.08.2018 | 149000 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിനായി ജിയോറ്റിസ്,തിരുവനന്തപുരം എന്ന സ്ഥാപനത്തിന് നൽകിയത് | കൈപ്പറ്റ് രസീത് ഹാജരാക്കിയില്ല |

| | | | | |
|---|---|---|---|---|
| പി എം.എ. വൈ.പ്രോജക്ട് നം.119/18 | 25/18-19/ 17.07.2018 | 277000 | ഇളംദേശം ബ്ലോക്ക് പഞ്ചായത്തിന് നൽകിയത് | കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല |
| പദ്ധതി രൂപീകരണം, മോണിട്ടറിംഗ് പ്രോജക്ട് നം.1/19 | 450230101/ 23.08.2018 | 242986 | പദ്ധതി രൂപീകരണം, മോണിട്ടറിംഗ് – ചെലവഴിച്ച തുക | രേഖകൾ ഹാജരാക്കിയില്ല |
| | **ആകെ** | **668986** | | |

മേൽ പരാമർശിച്ച ചെലവുകൾക്ക് ഉപോത്ബലകമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ₹668986/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-24 ആസ്തി രജിസ്റ്ററുകൾ സർക്കാർ സർക്കുലർ അനുസരിച്ച് പരിപാലിയ്ക്കുന്നില്ല

13.01.2010ലെ സർക്കുലർ നമ്പർ 58608/ഡി.ബി.2/2009/ത.സ്വ.ഭ.വ. പ്രകാരം ആസ്തി രജിസ്റ്ററുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സൂക്ഷിക്കേണ്ടതെങ്ങനെയെന്ന് വ്യക്തമായി നിർദ്ദേശിക്കുന്നു. ആസ്തികളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും ഫണ്ട് അനുവദിയ്ക്കുന്നതും ആസ്തി രജിസ്റ്ററിൽ നിന്നുള്ള വിവരങ്ങളെ അടിസ്ഥാനമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് ഡബിൾ എൻട്രി സിസ്റ്റത്തിലേയ്ക്ക് മാറിയപ്പോൾ ആസ്തികളുടെ മൂല്യം കണക്കാക്കി വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കി രേഖപ്പെടുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ ആസ്തിരജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഇവ സൂക്ഷിച്ചിരിയ്ക്കുന്നത് സർക്കാരിന്റെ നിർദ്ദേശങ്ങൾ പാലിച്ചല്ല എന്ന് വ്യക്തമാണ്. ആസ്തിരജിസ്റ്ററിലെ വിവരങ്ങൾ അപൂർണ്ണവുമാണ്. പുതിയതായി ആർജ്ജിച്ചതോ കൈയ്യൊഴിഞ്ഞതോ ആയ ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തിരജിസ്റ്ററുകൾ നാളിതുവരെ പുതുക്കി സർക്കാർ സർക്കുലറിൽ പറഞ്ഞ പ്രകാരമുള്ള ഫാറങ്ങൾ സൂക്ഷിയ്ക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-25 എച്ച്.എം.സി.-വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166(1) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സർക്കാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപെട്ടതാണ്. വകുപ്പ് 173(എ), 2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ, ചട്ടം.3(1) പ്രകാരം കൈമാറിയിട്ടുള്ള പൊതു ആരോഗ്യ സ്ഥാപനങ്ങളിൽ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പടെ 15 അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജിംഗ് കമ്മിറ്റി നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണ്.

ചട്ടം 9(1) പ്രകാരം പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് ഓഡിറ്റ് നടത്തേണ്ടത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പാണ്. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച ശേഷം 4 മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ് (ജൂലായ് 31 നകം). എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കൈമാറിയിട്ടുള്ള ആശുപത്രികളിൽ (പി.എച്ച്.സി., ഹോമിയോ, ആയുർവ്വേദം) മാനേജിംഗ് കമ്മിറ്റികൾ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനക്കായി സമർപ്പിച്ചിട്ടില്ല. പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 182(xv) പ്രകാരം പഞ്ചായത്തിന്റെ നിയന്ത്രണത്തിനു കീഴിലുള്ള സ്ഥാപനങ്ങളുടെ അക്കൌണ്ടുകൾ പരിശോധിക്കുകയോ, പരിശോധിപ്പിക്കുകയോ ചെയ്യേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. മേൽ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. എച്ച്.എം.സി. വാർഷിക കണക്കുകൾ ഓഡിറ്റ് പരിശോധനക്കായി സമർപ്പിക്കുവാനാവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

### 1-26 എം.ജി.എൻ.ആർ..ഇ.ജി.എ-ബിൽഡിംഗ് മെറ്റീരിയൽ യൂണിറ്റ് യന്ത്രോപകരണങ്ങൾ - പദ്ധതി നടത്തിപ്പിൽ അപാകത

| | |
|---|---|
| പ്രോജക്ട് | S0128/19, എം.ജി.എൻ.ആർ.ഇ.ജി.എ. ബിൽഡിംഗ് മെറ്റീരിയൽ യൂണിറ്റ് യന്ത്രോപകരണങ്ങൾ |
| അടങ്കൽ | ₹200000/- (തനത് ഫണ്ട്) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ചെക്ക് നം./തീയതി/ തുക | 212476/18.03.2019/ ₹ 199125/- |

ഗ്രാമപഞ്ചായത്തിൽ 2018-19 വർഷത്തിൽ എം.ജി.എൻ.ആർ.ഇ.ജി.എ. ബിൽഡിംഗ് മെറ്റീരിയിൽ യൂണിറ്റിന് യന്ത്രോപകരണങ്ങൾ എന്ന പദ്ധതിയിൽ ബ്രിക്ക് മേക്കിംഗ് മെഷിനറി വാങ്ങി ഫിറ്റ് ചെയ്യുന്നതിന് മേൽ സൂചിത ചെക്ക് നം. പ്രകാരം ₹199125/- ചെലവഴിച്ചിട്ടുണ്ട്. മെഷിനറി വാങ്ങിയിട്ടുണ്ടെങ്കിലും ആയതിന്റെ പ്രവർത്തനം എപ്രകാരം നടത്തുന്നു എന്നത് സംബന്ധിച്ച് യാതൊരു വിശദാംശങ്ങളും ഫയലിൽ ഇല്ല. കേവലമായ ഒരു വാങ്ങൽ പ്രക്രിയ മാത്രമാണ് നടന്നിട്ടുള്ളത്. വിശദീകരണം ആവശ്യപ്പെട്ട് 21.10.2019ൽ 13-നമ്പർ ഓഡിറ്റ് എൻക്വയറിക്ക്

യാതൊരു മറുപടിയും ലഭ്യമാക്കിയിട്ടില്ല. വാങ്ങിയ ഉപകരണം ശരിയായ രീതിയിൽ ഉപയോഗപ്പെടുത്താതിരിക്കുന്നത് പൊതുപണത്തിന്റെ ദുരുപയോഗമായി കണക്കാക്കേണ്ടതാണ്. ആയതിനാൽ ബ്രിക്ക് മേക്കിംഗ് യൂണിറ്റ് പ്രവർത്തന ക്ഷമമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.ബ്രിക്ക് മേക്കിംഗ് യൂണിറ്റ് പ്രവർത്തനക്ഷമമാക്കിയിട്ടില്ലാത്തതിനാൽ ചെലവഴിച്ച ₹199125/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-27 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ -

ഇ.എം.ഡി, വാടക ഡെപ്പോസിറ്റ്, സെക്യൂരിറ്റി ഡെപ്പോസിറ്റ് തുടങ്ങിയ ഇനത്തിൽ തൻവർഷം ₹316340/- നീക്കിയിരിപ്പുള്ളതായി കാണുന്നു. നിക്ഷേപിച്ച തുകകൾ തിരികെ ലഭിക്കുന്നതിനായി മൂന്ന് വർഷത്തിനുള്ളിൽ അവകാശം ഉന്നയിച്ചില്ലെങ്കിൽ ആയത് കാലഹരണപ്പെട്ടതായി കണക്കാക്കി പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടാവുന്നതാണ്. എന്നാൽ വർഷം തിരിച്ചുള്ള തുക കണക്കാക്കി ഡി.സി.ബി തയ്യാറാക്കിയിട്ടില്ലാത്തതിനാൽ കാലഹരണപ്പെട്ടിട്ടുള്ള തുകയുടെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞില്ല.ഡി.സി.ബി തയ്യാറാക്കി കാലഹരണപ്പെട്ടതുക പഞ്ചായത്തിലേക്ക് മുതൽക്കൂട്ടേണ്ടതാണ്.

## 1-28 വെള്ളക്കരം ഒടുക്കാത്തത് സംബന്ധിച്ച്

കരിമണ്ണൂർ ഗ്രാമപഞ്ചായത്തിൽ 2014-15 മുതൽ പ്രതിമാസം വെള്ളക്കരം ₹18,813/-യായിരിക്കെ 2015 ഡിസംബർ മാസം മുതൽ ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരമുള്ള ടാപ്പുകളുടെ വാട്ടർ ചാർജ്ജും കൂടി ഉൾപ്പെടുത്തി പ്രതിമാസം ₹55,125/- ഡിമാന്റ് ചെയ്തുകൊണ്ട് വാട്ടർ അതോറിറ്റിയിൽ നിന്നും ബിൽ ലഭിക്കുന്നു. 2018-19 വർഷം വെള്ളക്കരം ഇനത്തിൽ പഞ്ചായത്ത് തുകയൊന്നും ഒടുക്കിയിട്ടില്ല. ജപ്പാൻ കുടിവെള്ള പദ്ധതിക്കായി ടാപ്പുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി പഞ്ചായത്ത് എഗ്രിമെന്റ് വെയ്ക്കുകയോ മറ്റ് ചർച്ചകൾ ഒന്നും നടത്തുകയോ ചെയ്യാത്ത സാഹചര്യത്തിൽ ഈ വിഷയത്തിൽ വാട്ടർ അതോറിറ്റിയുമായി അടിയന്തിരമായി ബന്ധപ്പെടേണ്ടതും വാട്ടർചാർജ്ജ് പുതുക്കി നിശ്ചയിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. മുൻവർഷ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടും മേൽ വിഷയത്തിൽ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. എന്നാൽ വെള്ളക്കരമിനത്തിലുള്ള കുടിശ്ശികയിൽ ₹307110/- വികസന ഫണ്ടിൽ നിന്നും കുറവ് ചെയ്തിട്ടുണ്ട്. ഗ്രാമപഞ്ചായത്തും ജലഅതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്. അധികമായി തുക ഒടുക്കിയിട്ടുണ്ടെങ്കിൽ വരും വർഷങ്ങളിൽ ക്രമീകരിക്കേണ്ടതാണ്. ഭരണ സമിതി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 ലൈഫ് ഭവന പദ്ധതി--അപാകതകൾ

**പ്രോജക്റ്റ് നം:- 22**

**ചെലവ് :- 13340000-[2700000-(പൊതു)+511257-(ബ്ലോക്ക്) +904617-(ജില്ല) +9224126-(മറ്റുള്ളവ)]**

വി.ഇ.ഒ നടപ്പാക്കിയ രണ്ടാം ഘട്ടം ലൈഫ് ഭവന പദ്ധതി-(ജനറൽ) ൽ ഉൾപ്പെട്ട 50 ഗുണഭോക്താക്കളിൽ 4 പേർക്ക് ആദ്യ ഗഡു നൽകിയെങ്കിലും പദ്ധതി പൂർത്തിയാക്കിയിട്ടില്ല. ഇതു സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ വിവരം ചുവടെ ചേർക്കുന്നു.

1. **ശ്രീമതി ലിൻസി ഏബ്രഹാം, വലിയകളത്തിൽ, തൊമ്മൻകത്ത് പി.ഒ.യ്ക്ക് എഗ്രിമെന്റ് വച്ച് പദ്ധതിയുടെ ആദ്യ ഗഡുവായ₹40000/- അനുവദിച്ച് നല്കി.**

   എന്നാൽ ഗുണഭോക്താവ് ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിൽ മകന്റെ പേരിൽ വീട് വാങ്ങി താമസിച്ച് വരുന്നുവെന്ന നിർവ്വഹണോദ്യോഗസ്ഥന് അന്വേഷണത്തിൽ ബോധ്യപ്പെട്ടതിനാൽ തുടർന്നുള്ള ആനുകൂല്യം അനുവദിച്ചില്ല. പഞ്ചായത്ത് സെക്രട്ടറിയുടെ 17-06-2019ലെ എ4-266/17 നം. കത്ത് പ്രകാരം ₹40000/- പലിശ സഹിതം തിരികെ അടയ്ക്കുന്നതിന് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. 25-06-2019ലെ 3(1)-ാം നം. കമ്മറ്റി തീരുമാന പ്രകാരം തുക തിരികെ ഈടാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതിന് നിർവഹണോദ്യോഗസ്ഥനെ ചുമതലപ്പെടുത്തി തീമാനിച്ചു. എന്നാൽ തുക ഈടാക്കുന്നതിനുള്ള തുടർ നടപടികളൊന്നും സ്വീകരിച്ചതായി കാണുന്നില്ല. അർഹതയില്ലാതെ കൈപ്പറ്റിയ ₹40000/- പലിശ സഹിതം തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

2. **ആനുകൂല്യം റദ്ദ് ചെയ്തതുമൂലം ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല**

   23-05-2018ലെ CB1/374/2018തസ്വഭവ ഗവ: സർക്കുലർ പ്രകാരം കുടുംബ റേഷൻ കാർഡിലുള്ളപ്പെട്ടവർക്ക് പ്രത്യേക റേഷൻ കാർഡില്ലാത്തതിന്റെ പേരിൽ അർഹതയുള്ള ഒരു കുടംബത്തേയും ഒഴിവാക്കരുതെന്നും നിർവ്വഹണ ഉദ്യോഗസ്ഥന് ഇതു സംബന്ധിച്ച് ഉചിതമായ തീരുമാനമെടുക്കാമെന്നും നിർദ്ദേശിച്ചിരുന്നു. ഇതു പ്രകാരം 28-06-18ലെ 3ാം നം. കമ്മറ്റി തീരുമാനപ്രകാരം അംഗീകരിച്ച ലൈഫ് ഭവന പദ്ധതിയുടെ ലിസ്റ്റിൽ ഉൾപ്പെട്ട സന്തോഷ് സഹദേവൻ ചെറുകുന്നേൽ (അക്കൗണ്ട് നം. 67375400493 SBI,കരിമണ്ണൂർ), ശോഭന രാമചന്ദ്രൻ കാളിയന്താനത്ത് (അക്കൗ.നം. 40339101031292 കേ.ഗ്രാ.ബാങ്ക്, കരിമണ്ണൂർ), അബ്ദുൾ സമദ് ചക്കരകാട്ടിൽ (അക്കൗ.നം. 40339101033333 കേ.ഗ്രാ.ബാങ്ക്, കരിമണ്ണൂർ) എന്നിവർക്ക് എഗ്രിമെന്റ് വച്ച് പദ്ധതിയുടെ ആദ്യ ഗഡു ₹40000/- അനുവദിച്ചു നൽകി. എന്നാൽ 12-10-2018ലെ 424/ഡി.ബി/2018തസ്വഭവ ഗവ:സർക്കുലർ പ്രകാരം പ്രസ്തുത സർക്കുലർ റദ്ദ് ചെയ്യുകയും ചെയ്തു. ആകയാൽ ആനുകൂല്യത്തിന് അർഹരായ പ്രസ്തുത ഗുണഭോക്താക്കളെ തുടർ വർഷങ്ങളിലെ ഭവന നിർമ്മാണ പദ്ധതിയിലുൾപ്പെടുത്തി ഭവന നിർമ്മാണം പൂർത്തീകരിക്കാൻ നിയമാനുസൃത നടപടി സ്വീകരിക്കേണ്ടതാണ്.

## 1-30 ദുരിതാശ്വാസ നിധി സംബന്ധിച്ച്

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം ദുരിതമനുഭവിക്കുന്ന പഞ്ചായത്ത് നിവാസികളും നിർദ്ധനരുമായവർക്ക് അടിയന്തിര ധനസഹായം നല്കുന്നതിന് വേറിട്ട് ഒരു അക്കൗണ്ട് രൂപീകരിക്കേണ്ടതാണ്. ഇതിൻപ്രകാരം ഗ്രാമപഞ്ചായത്ത് 09-11-2011ൽ ഫെഡറൽ ബാങ്ക്, കരിമണ്ണൂർ ശാഖയിൽ നം.17160100010381 ആയി സെക്രട്ടറിയുടെ പേരിൽ ദുരിതാശ്വാസ നിധിയ്ക്കായ് ₹2353/- നിക്ഷേപിച്ച് ഒരു അക്കൗണ്ട് ആരംഭിക്കുകയും ആയത് 19-06-2015വരെ പ്രവർത്തിക്കുകയും ചെയ്തിരുന്നു. പിന്നീട് അക്കൌണ്ടിൽ പണമിടപാടുകളൊന്നും നടന്നിട്ടില്ല. നിലവിൽ അക്കൗണ്ടിൽ ₹1099/- ബാക്കിയുണ്ട്. ദുരിതമനുഭവിക്കുന്നവർക്ക് അടിയന്തിര ധനസഹായം നൽകുന്നതിനുദ്ദേശിച്ചുള്ള അക്കൗണ്ട് ചട്ടം 3(2) പ്രകാരം കലാ-കായിക-വിനോദ പരിപാടികൾ സംഘടിപ്പിച്ച് സംഭാവനകൾ സ്വീകരിച്ച് സജീവമാക്കേണ്ടതാണ്.

### 1-31 ലൈഫ് ഭവന പദ്ധതി - അവലോകനം

ലൈഫ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 96 ഗുണഭോക്താക്കളാണ് അന്തിമ അംഗീകൃത ലിസ്റ്റിൽ ഉൾപ്പെട്ടിരുന്നത്. അതിൽ ലൈഫ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ജനറൽ വിഭാഗത്തിൽപ്പെട്ട 57 കുടുംബങ്ങളും എസ്.സി വിഭാഗത്തിൽപ്പെട്ട 7 കുടുംബങ്ങളും എസ്.റ്റി വിഭാഗത്തിൽപ്പെട്ട ഒരു കുടുംബവും ഉൾപ്പെടെ ആകെ 63 ഗുണഭോക്താക്കളാണ് അർഹരായിട്ടുണ്ടായിരുന്നത്. അവരിൽ 57 പേർ എഗ്രിമെന്റ് വയ്ക്കുകയും 51 പേർ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. 3 ഗുണഭോക്താക്കൾ 25-05-2018ലെ ഡി.ബി1/374/ 2018/തസ്വഭവ ഉത്തരവു പ്രകാരം എഗ്രിമെന്റ് വയ്ക്കുകയും ആദ്യ ഗഡു തുകയായ ₹40000/- നൽകുകയും ചെയ്തു. എന്നാൽ പിന്നീട് 07/11/18ലെ 667/ഡിബി1/18/തസ്വഭവ ഉത്തരവു പ്രകാരം അവരുടെ തുടർന്നുള്ള ആനുകൂല്യം അനുവദിച്ചിട്ടില്ല. ഒന്നാം ഘട്ടം ഇ.എം.എസ് ഭവന പദ്ധതിയിൽ പണി പൂർത്തീകരിക്കാതിരുന്ന ഒരാൾക്ക് തൻവർഷം പണി പൂർത്തീകരിച്ചതിനാൽ ₹91500/- തനതുഫണ്ടിൽ നിന്നും നൽകി.വരവ്-ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇന വിവരം | വരവ് ₹ | ചെലവ് ₹ | ബാക്കി തുക ₹ |
|---|---|---|---|---|
| 1. | ഗ്രാമ പഞ്ചായത്ത് വിഹിതം (ജനറൽ) | 2700000 | 2700000 | 0 |
| 2. | ഗ്രാമ പഞ്ചായത്ത് വിഹിതം (എസ്.സി) | 450000 | 450000 | 0 |
| 3. | ഗ്രാമ പഞ്ചായത്ത് വിഹിതം (എസ്.റ്റി) | 278000 | 278000 | 0 |
| 4. | ബ്ലോക്ക് പഞ്ചായത്ത് വിഹിതം (ജനറൽ) | 520641 | 511257 | 9384- |
| 5. | ബ്ലോക്ക് പഞ്ചായത്ത് വിഹിതം(എസ്.സി) | 279227 | 279227 | 0 |
| 6. | ബ്ലോക്ക് പഞ്ചായത്ത് വിഹിതം (എസ്.റ്റി) | 49381 | 22000 | 27381 |
| 7. | ജില്ലാ പഞ്ചായത്ത് വിഹിതം | 904617 | 904617 | 0 |
| 8. | ഹഡ്കോ വായ്പ | 9750190 | 9734899 | 15291 |
| | **ആകെ** | **14932056** | **14880000** | **52056** |

### 1-32 ചെലവഴിക്കാത്ത തുകകൾ

വാർഷിക ധനകാര്യ പത്രികയിലെ ബി4 ഷെഡ്യൂൾ പ്രകാരം താഴെ പറയുന്ന ഇനങ്ങളിൽ തുക ചെലവഴിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. ടി തുകകൾ ചെലവഴിക്കുന്നതിനോ അല്ലാത്തപക്ഷം അതാത് ഹെഡിലേക്ക് തിരിച്ചടയ്ക്കുന്നതിനോ നടപടി സ്വീകരിക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് ഓഫ് അക്കൗണ്ട് | വിശദാംശങ്ങൾ | തുക ₹ |
|---|---|---|
| 320100101 | NREGA-ദേശീയ തൊഴിലുറപ്പ് പദ്ധതി | 14302 |
| 320100115 | സമ്പൂർണ ശുചിത്വ പരിപാടി (TSC) | 1495749 |
| 320100121 | ICDS | 1501472 |
| 320200201 | വിട്ടു കിട്ടിയ സ്ഥാപനങ്ങൾക്കുള്ള ഫണ്ട്-കൃഷി-മൂലധന ചെലവ് | 488903 |
| 320200312 | ഉത്സവങ്ങൾക്കുള്ള ഗ്രാന്റ് | 20000 |
| 320400199 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ്-മറ്റു ധനകാര്യ സ്ഥാപനം | 15291 |
| 320700104 | സംയുക്ത പ്രോജക്ടുകൾകൾക്കുള്ള ഗ്രാന്റ്-ബ്ലോക്ക് പഞ്ചായത്ത്-(മൂലധന ചെലവ്) | 953057 |
| 320700204 | സംയുക്ത പ്രോജക്ടുകൾകൾക്കുള്ള ഗ്രാന്റ്- ആവർത്തന ചെലവുകൾക്ക്-ബ്ലോക്ക്പഞ്ചായത്ത് - റവന്യൂ ചെലവ് | 36765 |
| 320800199 | പ്രത്യേക ഉദ്ദേശ്യ ഗ്രാന്റ്- മൂലധനം | 181061 |
| 320800299 | വെള്ളപ്പൊക്ക ദുരിതാശ്വാസം | 2500 |
| | ആകെ | 4709100 |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

### 2-1 പെർമിറ്റ് എടുക്കാതെ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടത്തിന് റഗുലറൈസേഷൻ ഫീസ് ഈടാക്കിയിട്ടില്ല- നഷ്ടം

₹57980/-

മദർ സുപ്പീരിയർ നിർമ്മല ഭവൻ, ഇടുക്കി എന്നയാളുടെ പേരിൽ വിദ്യാഭ്യാസാവശ്യത്തിനായി നിർമ്മിച്ച കെട്ടിടം റഗുലറൈസ് ചെയ്ത് നൽകിയ ഫയൽ പരിശോധിച്ചപ്പോൾ താഴെ സൂചിപ്പിക്കുന്ന അപാകതകൾ കണ്ടെത്തി.

1) ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷയുടെ തീർപ്പാക്കൽ നടപടിക്രമം പുതിയ പെർമിറ്റിനുള്ള അപേക്ഷയുടെ പോലെതന്നെ ആയിരിക്കേണ്ടതാണ്. കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷയോടൊപ്പം പ്ലോട്ടിന്റെ ഉടമസ്ഥാവകാശം തെളിയിക്കുന്നതിനുള്ള പ്രമാണങ്ങൾ, വില്ലേജ് ഓഫീസിലെ കരം അടച്ച രസീത്, കൈവശാവകാശ സർട്ടിഫിക്കറ്റ്, സൈറ്റ് പ്ലാൻ, കെട്ടിട പ്ലാൻ, സർവ്വീസുകളുടെ പ്ലാൻ, ചട്ടപ്രകാരം എവിടെയൊക്കെയാണോ കെട്ടിടത്തിന് പാർക്കിംഗ് സ്ഥലം ആവശ്യമായിരിക്കുന്നത് അതിന്റെ പാർക്കിംഗ് പ്ലാനും സമർപ്പിക്കേണ്ടതാണ്. എന്നാൽ കെട്ടിട പ്ലാൻ, ഫയർ എൻ.ഒ.സി.എന്നിവയൊഴികെ അപേക്ഷയുൾപ്പെടെ മറ്റ് രേഖകളൊന്നും ഫയലിൽ ലഭ്യമല്ല.

2) റഗുലറൈസേഷനുവേണ്ടി ഹാജരാക്കിയ പ്ലാൻ പ്രകാരം തറ വിസ്തീർണ്ണം 3437.77 ച.മീറ്ററാണ്. എന്നാൽ ഫയർ എൻ.ഒ.സി.പ്രകാരം ആയത് 3865.33 ച.മീറ്ററാണ്.

3) പെർമിറ്റ് എടുക്കാതെ പൂർണ്ണമായും റഗുലറൈസ് ചെയ്യുന്ന കെട്ടിടങ്ങൾക്ക് പെർമിറ്റ് ഫീസും രാജിയാക്കൽ ഫീസും(പെർമിറ്റ് ഫീസിന്റെ ഇരട്ടി) ഈടാക്കേണ്ടതാണ്.[തസ്വഭവ സെക്രട്ടറിയുടെ (ആർ.ഡി)229813/ആർ.ഡി.2 /15/തസ്വഭവ നമ്പർ കത്ത്.]

എന്നാൽ പെർമിറ്റ് എടുക്കാതെ കെട്ടിടം പൂർണ്ണമായും റഗുലറൈസ് ചെയ്തപ്പോൾ വാങ്ങേണ്ടിയിരുന്ന പെർമിറ്റ് ഫീസ്+ റഗുലറൈസേഷൻ ഫീസ് [(3865.33x5)x3=57980] ഈടാക്കിയിട്ടില്ല.

4) കെട്ടിട നിർമ്മാണം പൂർത്തിയാക്കി നമ്പർ നൽകിയെങ്കിലും(VI/94A)വസ്തുനികുതി ഈടാക്കിയിട്ടില്ല.

മേൽ അപാകതകൾക്കുള്ള വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.10 നൽകിയിരുന്നു. മറുപടിയോടൊപ്പം ഫയലിൽ സൂക്ഷിക്കേണ്ട അപേക്ഷ, മറ്റ് രേഖകൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കി. റഗുലറൈസേഷൻ ഇനത്തിൽ ഈടാക്കേണ്ട ഫീസ് ₹57980/- കെട്ടിട ഉടമസ്ഥനിൽ നിന്ന് ഈടാക്കാത്ത പക്ഷം നഷ്ടത്തിന് ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈടാക്കി ഓഡിറ്റിൽ വിവരമറിയിക്കേണ്ടതാണ്. കൂടാതെ, വസ്തുനികുതിയും അടിയന്തിരമായി നിർണ്ണയിച്ച് അടവാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം-3
## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

-ഇല്ല-

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-2019 | 12.06.2019,13.06.2019 | കെ.എസ്.എ.ഐ.ഡി.കെ.3/520(17)/2019<br>തീയതി:17.08.2019 |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രോജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-2019 | 500000 | പൊതു കളിസ്ഥലത്തിന് സ്ഥലം വാങ്ങൽ | 500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018 -2019 | 100000 | ക്ഷീരകർഷകർക്ക് ഉൽപ്പാദക ഇൻസെന്റീവ് | 0 | 100000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-2019 | 200000 | പാലിയേറ്റീവ് കെയർ യൂണിറ്റ് | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-2019 | 50000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 50000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-2019 | 656991 | ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 511257 | 145734 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-2019 | 200000 | മിനി ട്രാക്ടർ | 200000 | |
| ബ്ലോക്ക് പഞ്ചായത്ത് | 2018-2019 | 189967 | ലൈഫ് ഭവന നിർമ്മാണം (എസ്.റ്റി) | 22000 | 27381 |
| ജില്ലാ പഞ്ചായത്ത് | 2018-2019 | 904617 | ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 904617 | |

| | | | | | |
|---|---|---|---|---|---|
| | | | | | |
| ജില്ലാ പഞ്ചായത്ത് | 2018-2019 | 100000 | ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-2019 | 1000000 | ക്ഷീരകർഷകർക്ക് ഉൽപ്പാദക ഇൻസെന്റീവ് | 1000000 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./ ചെക്ക് നം. | മുൻകൂർനൽകിയ തുക(₹) | ചെലവഴിച്ച തുക(₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക(₹) |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 8-ാം വാർഡിൽ തെരുവ് വിളക്കുകൾക്ക് ലൈൻ വലിക്കലും ലൈറ്റ്സ്ഥാപിക്കലും | 27/18-19/ 30.11.2018 | 184092 | 184092 | 0 |
| കെ.എസ്,ഇ.ബി | പി.എച്ച്.സി-ഹൈ ടെൻഷൻ ലൈൻ മാറ്റി സ്ഥാപിക്കൽ | 48/18/ 25.08.2018 | 46627 | 46627 | 0 |
| പി.ഡബ്ല്യു.ഡി | ചാലശ്ശേരി അങ്കണവാടി നിർമ്മാണം | 21800624/ 17.10.18 | 580000 | - | 580000 |

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

### 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം ചേർക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ലോൺ | സ.ഉ(സാ)നം.229/ 2040/ത.സ്വ.ഭ.വ തി.21.01.2010 | 10482000 | 965920 | 950000 | 0 | 15920 |

| | | | | | | |
|---|---|---|---|---|---|---|
| കെ.യു.ആർ. ഡി.എഫ്.സി ലോൺരജിസ്റ്റർ പ്രകാരം | സ.ഉ.(സാ)നം. 2053/ത.സ്വ.ഭ.വ തി.03.08.2013 | 3440000 | 1198110 | 645161 | 67253 | 951969 |

### 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ₹378467 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| പലിശ( 22.03.2019) | ₹27595 |
| ആകെ | ₹378467 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | ₹406062 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/ പോസ്റ്റ് ഓഫീസ്...) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|
| കേരളാഗ്രാമീൺ ബാങ്ക്,കരിമണ്ണൂർ | 31.03.2017 | 31.03.2018മുതൽ 31.03.2019വരെ പലിശ | 378467<br>27595 | എഫ്.ഡി.രസീത് നം.427635/ 31.03.2017 |
| ആകെ | | | 406062 | |

### 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹1988/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക(₹) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തിയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2014-15 | 3-2 | 1988 | ശ്രീ.ജോർജ്ജ്ജോസഫ്, സെക്രട്ടറി | 118020104850/23.03.2019 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1996-97 | 3-27 | 1998 | 9-(II) | പൊതുമരാമത്ത് ജോലികൾക്ക് ആവശ്യത്തിൽ കവിഞ്ഞ് സാധനങ്ങൾ വാങ്ങിയതിന്റെ അധിക വില (പണിക്കൻകോട റോഡ്) | ലഭ്യമാക്കിയില്ല |
| 2000-01 | 30 | 2002-0 | | വോട്ടർ പട്ടിക രണ്ടാമതും അച്ചടിപ്പിച്ചത്- ചെലവ് നിരാകരിച്ചത് | |
| 2003-04 | 3-6 | 2006-07 | 3.36.1 | തെരുവ് വിളക്ക് സ്ഥാപിക്കൽ, ലക്ഷ്യം നേടാത്തത് | |
| 2003-04 | 3-11(2) | 2006-07 | 3.35.2(32) | ഓഡിറ്റ് സമയത്ത് വൗച്ചറുകൾ, ഫയലുകൾ, കൈപ്പറ്റ് രസീതുകൾ ഹാജരാക്കിയില്ല. | |
| അവലോകന റിപ്പോർട്ട് | | 2014-15 | അനുബന്ധം-4 | കർഷക തൊഴിലാഴി പെൻഷൻ | |
| 2014-15 | 2-1 | 2016-17 | അനുബന്ധം-3 | വസ്തുനികുതി-അപാകതകൾ | |
| 2015-16 | 2-3 | 2016-17 | അനുബന്ധം-4 | വസ്തുനികുതി-അപാകതകൾ | |
| 2015-16 | 2-3 | 2016-17 | അനുബന്ധം-5 | തൊഴിൽനികുതി-അപാകതകൾ | |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

**(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക**

– ഇല്ല –

**ബി) <u>സർചാർജ് നടപടി വഴി ഈടാക്കിയ തുക</u>**

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം., ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | സർ ചാർജ് സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക യഥാസമയം സ്ഥാപനത്തിന്റെ ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക, തീയതി | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക/ ബാധ്യത ₹ | റിമാർക്ക് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | | ഉൾപ്പെട്ട തുക ₹ | ഈടാക്കിയ തുക ₹ | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 |
| 1 | 2000-01 | 35 | ശ്രീ.ഇ.യു. ജോസഫ്, സെക്രട്ടറി | LF.16208/ Sc2/04 തീ.30.4.2005 | 16340 | - | ഇല്ല | - | - | - | - | - | 16340 |
| 2 | 2000-01 | 36 | ശ്രീ.ഇ.യു. ജോസഫ്, സെക്രട്ടറി | LF.16208/ Sc2/04 തീ.30.4.2005 | 16340 | - | ഇല്ല | - | - | - | - | - | 16340 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**<u>(എ) സംക്ഷിപ്ത വിവരം</u>**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 72935363 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 62400412 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 57980 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1964761 |

**<u>(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 57980 | - | ശ്രീ.സാജു ജോസഫ്,സെക്രട്ടറി |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-20 | 16650 | ശ്രീ.സാജു ജോസഫ്,സെക്രട്ടറി |
| 1-21 | 500000 | ശ്രീ.സാജു ജോസഫ്,സെക്രട്ടറി |
| 1-22 | 580000 | ശ്രീ.സാജു ജോസഫ്,സെക്രട്ടറി |
| 1-23 | 668986 | ശ്രീ.സാജു ജോസഫ്,സെക്രട്ടറി |
| 1-26 | 199125 | ശ്രീ.സാജു ജോസഫ്,സെക്രട്ടറി |

<u>(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | തുക |
|---|---|
| ഇല്ല | |

<u>(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

<u>(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.സാജു ജോസഫ്, സെക്രട്ടറി | സെക്രട്ടറി,കരിമണ്ണൂർ ഗ്രാപഞ്ചായത്ത് | മഠത്തിക്കുഴിയിൽ,<br>കുമാരമംഗലം പി.ഒ,<br>ഉരിയരിക്കുന്ന്,തൊടുപുഴ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ | ഖണ്ഡിക നം. |
|---|---|---|---|
| 1996-97 | കെ.എസ്.എ-ഐ.ഡി.കെ-10/ 939/18 /12.07.2018 | 2 | 27, 28 |
| 1998-99 | എൽ.എഫ്.ഐ.-7/164/2000/ 24.07.2000 | 1 | 31 |
| 2000-01 | എൽ.എഫ്.ഐ.-7/303/ 2002/ 19.07.2002 | 2 | 35,36 |

| | | | |
|---|---|---|---|
| 2003-04 | എൽ.എഫ്.ഐ.-8/109/06/<br>30.06.06/13.10.06 | 1 | 11(2) |
| 2006-07 | എൽ.എഫ്.ഐ.-10/214/2011/ 23.04.2011 | 8 | 2-1, 2-2, 3-1<br>മുതൽ 3-6 വരെ |
| 2007-08 | എൽ.എഫ്.ഐ.-10/516/10/ 24.07.2011 | 14 | 2-1,2-2,2-3,3-2<br>മുതൽ 3-10 വരെ |
| 2008-09 | എൽ.എഫ്.ഐ.-10/304/2012/ 02.06.2012 | 15 | 2-1 മുതൽ 2-6 വരെ<br>3-1,3-2,3-3,3-5,<br>3-6,3-7,3-8വരെ |
| 2009-10 | എൽ.എഫ്.ഐ.-10/1285/ 2012/ 22.10.2012 | 7 | 2-1, 2-2, 2-3, 3-1,<br>3-2, 3-4, 3-5 |
| 2010-11 &<br>2011-12 | എൽ.എഫ്.ഐ-10/1103/12 തീ. 12.03.2015 | 12 | 2-1,2-2,2-3,<br>2-4,2-5,2-7,<br>3-1മുതൽ 3-6വരെ |
| 2012-13<br>&<br>2013-14 | എൽ.എഫ്.ഐ.10/98/2015/ 23.01.2015 | 6 | 2-1,2-2,3-1,<br>3-2,3-3,3-4 |
| 2014-15 | കെ.എസ്.എ-ഐ.ഡി.കെ-10/ 1025/16 തീ<br>29.07.16 | 11 | 2-1,2-2,2-3,2-4,3-1<br>മുതൽ 3-7 വരെ |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ-10/ 407/17/ | 10 | 2-1, 2-2, |

| | | | |
|---|---|---|---|
| | 18.04.2017 | | 3-1മുതൽ<br>3-8 വരെ |
| 2016-17 | കെ.എസ്.എ-ഐ.ഡി.കെ-10/ 560/17/<br>01.12.2017 | 11 | 1-12, 2-1, 2-2, 2-4<br>3-1മുതൽ 3-7 വരെ |
| 2017-18 | കെ.എസ്.എ-ഐ.ഡി.കെ-10/ 220/19<br>/25.03.2010 | 12 | 2-1 , 2-2,<br>3-1 മുതൽ 3-10 വരെ |

**ഡെപ്യൂട്ടി ഡയറക്ടർ**
**ഇടുക്കി**

## അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം

**നം.കെ.എസ്.എ-ഐ.ഡി.കെ-10/1033/2019**

സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം,
തൊടുപുഴ,തീയതി:16.01.2020
Ph : 04862-227332
E-mail : doidk.ksad@kerala.gov.in

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **ഇടുക്കി** ജില്ലയിലെ **കരിമണ്ണൂർ** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ **2018-19** ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**ഇടുക്കി.**

## Annexure – 1

## AUDIT CERTIFICATE

No.KSA-IDK-10/1033/2019

Kerala State Audit Department
District Audit Office, Idukki
Thodupuzha–685 584
Phone : 04862-227332

E-mail : doidk.ksad@kerala.gov.in

Date:16.01.2020

Certified that I have audited the Annual Financial Statement of **KARIMANNUR** Grama Panchayat in **Idukki** District for the year ended on **31.03.2019** in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Panchayat Raj Act 1994, the Govt. Order (Rt.)1413/ 2018/LSGD dated 22.05.2018, and the rules made under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts in Panchayath Raj Institutions.

In my opinion, the Financial Statements of **KARIMANNUR** Grama Panchayat for the **2018-19,** except the observations in my Audit Report properly presents the picture of Income and Expenditure.

**DEPUTY DIRECTOR**
**IDUKKI.**